## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2569 — 19.12.2012-ൽ മറുപടിയ്ക്ക്

### ഗ്രേഡ് II ഹോസ്പിറ്റൽ അറ്റൻഡർമാരുടെ നിയമനം

| | ചോദ്യം<br><br>ശ്രീ. വി. എസ്. സുനിൽ കുമാർ | | ഉത്തരം<br><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ താത്കാലികാടിസ്ഥാനത്തിൽ ഗ്രേഡ് II ഹോസ്പിറ്റൽ അറ്റൻഡർമാരുടെ എത്ര ഒഴിവുകളുണ്ട്. | (എ) | തൃശ്ശൂർ ജില്ലയിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II ന്റെ 19 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II ന്റെ നിയമനം പി. എസ്. സി വഴിയല്ല നടത്തിവരുന്നത്. |
| (സി) | പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലിസ്റ്റ് ലഭിച്ച ശേഷം നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | നിലവിലുള്ള 19 ഒഴിവുകളിലേക്കും താത്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ